I. 1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം. (8 × 1 = 8)

1. താഴെ പറയുന്നവയിൽ ഏതാണ് വ്യാപാരത്തിന്റെ ലക്ഷ്യങ്ങളിൽ പെടാത്തത്?

   (a) വിപണി നിലനിൽപ്പ് (b) നവീനവൽക്കരം

   (c) സാമൂഹ്യ ഉത്തരവാദിത്വം (d) വ്യാപാരനഷ്ട സാധ്യന

2. പരസ്പരസഹായവും, ക്ഷേമവും അടിസ്ഥാന മൂല്യമായി പ്രവർത്തിക്കുന്നത് താഴെകൊടുത്തവയിൽ ഏതാണ് ?

   (a) ജോയിന്റ് സ്റ്റോക്ക് കമ്പനി (b) സഹകരണ സംഘം

   (c) ഹിന്ദു കൂട്ടുകുടുംബ വ്യാപാരം (d) പൊതു കമ്പനി

3. പി.പി.പി. യുടെ പൂർണ്ണരൂപം എഴുതുക.

4. താഴെ പറയുന്നവയിൽ ഏതാണ് സേവനങ്ങളുടെ സ്വഭാവത്തിൽ പെടാത്തത് ?

   (a) ഇൻടാൻജിബിലിറ്റി (b) ഇന്നവേറ്റീവ്

   (c) അസ്ഥിരത (d) വേർതിരിക്കാൻ കഴിയാത്തത്

5. ബാബു ഒ.എൽ.എക്സ് വഴി തന്റെ കാർ സുകുവിന് വിൽക്കുന്നു. ഇത് താഴെ പറയുന്നവയിൽ ഏത് തരം ഇടപാടാണ് ?

   (a) ബി ടു ബി (b) ബി ടു സി

   (c) സി ടു സി (d) ഇൻട്രാ ബി

6. വെള്ളപ്പൊക്കബാധിതരെ സഹായിക്കാൻ ഒരു വ്യാപാര സ്ഥാപനം സംഭാവന നൽകുന്നത് ഏത് തരം സാമൂഹ്യ ഉത്തരവാദിത്വമാണ് ?

   (a) സാമ്പത്തികം (b) നിയമപരം

   (c) ധാർമ്മികം (d) വിവേചനപരം

7. ഒരു പ്രോസ്പെക്ടസ് പുറപ്പെടുവിക്കുന്നത് _____ ആകുന്നു.

(a) സ്വകാര്യ കമ്പനി (b) പൊതു കമ്പനി

(c) സഹകരണ സംഘം (d) പങ്കാളിത്ത സ്ഥാപനം

8. തന്നിരിക്കുന്ന സൂചന പ്രകാരം സീരിസ് പൂർത്തിയാക്കുക.

കടപ്പത്രങ്ങൾ – പലിശ

ഓഹരികൾ – ?

9. സ്ഥിരമായ കച്ചവടസ്ഥലമില്ലാത്ത ചില്ലറ കച്ചവടക്കാർ _____ എന്നാണ് അറിയപ്പെടുന്നത്.

10. ഇറക്കുമതിയിൽ ഉപയോഗിക്കുന്ന ഏറ്റവും പ്രധാന രേഖ _____ ആകുന്നു.

(a) ബിൽ ഓഫ് എൻട്രി (b) മേറ്റിന്റെ രസീത്

(c) പ്രൊഫോർമ ഇൻവോയ്സ് (d) എയർവേ ബിൽ

**II. താഴെ കൊടുത്ത 11 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം. (5 × 2 = 10)**

11. താഴെ കൊടുത്ത വ്യവസായങ്ങളെ ഉചിതമായ കോളങ്ങളിൽ ചേർക്കുക.

ഗതാഗതം, വേട്ടയാടൽ, മൽസ്യകൃഷി, പഞ്ചസാര വ്യവസായം

| പ്രാഥമിക വ്യവസായം | | ദ്വിതീയ വ്യവസായം | | തൃതീയ വ്യവസായം |
|---|---|---|---|---|
| പ്രകൃതി ജന്യം | ജൈവ ശാസത്രപരം | ഉൽപാദന പരം | നിർമ്മാണ വ്യവസായം | |
| | | | | |

12. വ്യാപാര ധാർമ്മിക മൂല്യങ്ങളുടെ ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക.

13. പ്രമോട്ടറുടെ ഏതെങ്കിലും നാല് ധർമ്മങ്ങൾ പട്ടികപ്പെടുത്തുക.

14. മുൻഗണനാ ഓഹരികൾക്ക് ലഭ്യമായ മുൻഗണനകൾ എന്തെല്ലാം ?

15. സംരാഭകത്വത്തിന്റെ ഏതെങ്കിലും നാല് സവിശേഷതകൾ ചൂണ്ടിക്കാണിക്കുക.

16. ഒരു വ്യാപാരം അന്താരാഷ്ട്രാ വ്യാപാരത്തിലേക്ക് പ്രവേശിക്കുന്ന വിവിധ രീതികൾ ഏതെല്ലാമാണ് ?

**III. താഴെ കൊടുത്ത 17 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(5 × 3 = 15)**

17. പങ്കാളിത്ത വ്യാപാരത്തിന്റെ താഴെ പറയുന്ന സവിശേഷതകൾ ഓരോ വാക്യത്തിൽ വ്യക്തമാക്കുക.
   (a) രൂപീകരണം
   (b) ബാധ്യത
   (c) തുടർച്ച

18. ഇത്തരത്തിൽ രൂപീകൃതമായ സ്ഥാപനത്തിനുദാഹരണമാണ് ഇൻഡ്യൻ റെയിൽവേ. ഇത് ഏത് തരം സംരംഭമാണെന്ന് തിരിച്ചറിയുക. അതിന്റെ രണ്ട് സവിശേഷതകൾ എഴുതുക.

19. കമ്പനി രൂപീകരണത്തിലെ മൂലധന സമാഹരണവുമായി ബന്ധപ്പെട്ട ഏതെങ്കിലും മൂന്ന് ഘട്ടങ്ങൾ സൂചിപ്പിക്കുക.

20. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ നേരിടുന്ന ഏതെങ്കിലും മൂന്ന് പ്രശ്നങ്ങൾ ചുരുക്കി പ്രതിപാദിക്കുക.

21. കയറ്റുമതിയുടെ നടപടിക്രമങ്ങളിലെ ഏതെങ്കിലും ആറ് ഘട്ടങ്ങൾ പട്ടികപ്പെടുത്തുക.

22. മാറ്റിവയ്ക്കപ്പെട്ട ലാഭം എന്നാലെന്ത് ? കമ്പനിയുടെ സാമ്പത്തിക ഉറവിടം എന്ന നിലയിൽ ഇതിന്റെ രണ്ട് ഗുണങ്ങൾ എഴുതുക.

IV. താഴെ കൊടുത്ത 23 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം. (4 × 4 = 16)

23. ഏകാംഗ വ്യാപാരത്തിന്റെ നാല് ഗുണങ്ങളും നാല് ദോഷങ്ങളും പട്ടികപ്പെടുത്തുക.

24. ആഗോള സംരംഭങ്ങൾ എന്നാലെന്ത് ? അതിന്റെ 6 സവിശേഷതകൾ ചൂണ്ടിക്കാണിക്കുക.

25. വാണിജ്യ ബാങ്കുകൾ പലതരത്തിലുള്ള ധർമ്മങ്ങളും നിർവ്വഹിക്കുന്നു. ഇവയിൽ ഏതെങ്കിലും 4 എണ്ണം വ്യക്തമാക്കുക.

26. ചേരുംപടി ചേർക്കുക :

| | എ | | | ബി |
|---|---|---|---|---|
| (a) | ട്രേഡ് ക്രെഡിറ്റ് | – | (1) | കരാർ |
| (b) | ഫാക്ടറിംഗ് | – | (2) | സുരക്ഷിതമല്ലാത്തവ |
| (c) | ലീസിംഗ് | – | (3) | കമ്മീഷൻ |
| (d) | കൊമേഴ്സിയൽ പേപ്പർ | – | (4) | ക്രെഡിറ്റ് ട്രാൻസാക്ഷൻ |

27. വിവിധ തരം ചെറുകിട ഫിക്സഡ് ഷോപ്പ് ചില്ലറക്കച്ചവടക്കാർ ആരെല്ലാം ?

V. താഴെ കൊടുത്ത 28 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം. (3 × 5 = 15)

28. ശ്രീ. സുരേഷ് റെഡിമെയ്ഡ് വസ്ത്രങ്ങളുടെ ഉൽപ്പാദനവും വിപണനവും നടത്തികൊണ്ടിരിക്കുന്നു. ഇദ്ദേഹം ഏർപ്പെട്ടിട്ടുള്ള സാമ്പത്തിക പ്രവർത്തനം തിരിച്ചറിയുക. ഇതിന്റെ 4 സവിശേഷതകൾ വിവരിക്കുക.

29. 'ഇ-ബിസിനസ്സി'ന്റെ ഗുണവശങ്ങൾ എന്തെല്ലാം ?

30. വ്യാപാരത്തിന്റെ സാമൂഹ്യ ഉത്തരവാദിത്തം എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത് ? താഴെകൊടുത്ത വ്യാപാരത്തിന്റെ തൽപ്പരകക്ഷികളോടുള്ള ഓരോ സാമൂഹ്യ ഉത്തരവാദിത്ത്വം എഴുതുക.

(a) ഉടമസ്ഥർ

(b) ജോലിക്കാർ

(c) ഉപഭോക്താക്കൾ

(d) ഗവൺമെന്റ്

31. മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും തമ്മിലുള്ള വ്യത്യാസങ്ങൾ താഴെകൊടുത്ത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുക.

(a) ലക്ഷ്യങ്ങൾ

(b) സ്ഥാനം

(c) ബന്ധം

(d) മൂല്യം

(e) ആവശ്യകത

**VI. താഴെ കൊടുത്ത 32 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം. (2 × 8 = 16)**

32. ജോയിന്റ് സ്റ്റോക്ക് കമ്പനി എന്നാലെന്ത് ? കമ്പനിയുടെ ഏതെങ്കിലും ഏഴ് സവിശേഷതകൾ വിവരിക്കുക.

33. വ്യാപാരത്തിന്റെ നഷ്ടസാധ്യതാ തടസ്സത്തെ ദൂരീകരിക്കുന്ന സേവനം തിരിച്ചറിയുക. അതിന്റെ 7 സവിശേഷതകൾ ചുരുക്കി വിവരിക്കുക.

34. 'സെയിൽസ്മാന്റെ അഭാവമാണ്' ഇത്തരം വൻകിട ചില്ലറക്കച്ചവട സ്ഥാപനത്തിന്റെ പ്രധാനപ്രത്യേകത. ഇത്തരം വ്യാപാരത്തെ തിരിച്ചറിയുക. ഇതിന്റെ 4 ഗുണങ്ങളും 3 ദോഷങ്ങളും വ്യക്തമാക്കുക.

---